ഉത്തരം

(എ) 1996 മുതൽ 2001 വരെയുള്ള 5 വർഷങ്ങളിൽ മലബാർ സിമന്റ്സിന്റെ ലാഭം 80 കോടി രൂപയാണ്.

(ബി) 2001-2002, 2003-2004 വർഷങ്ങളിൽ മലബാർ സിമന്റ്സിന്റെ ലാഭം യഥാക്രമം 845.60 ലക്ഷം രൂപയും 203.20 ലക്ഷം രൂപയുമാണ്. എന്നാൽ 2002-2003 സാമ്പത്തിക വർഷത്തിൽ 1125.74 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

(സി) മലബാർ സിമന്റ്സിലെ വാളയാർ യൂണിറ്റിൽ ഒരു ടൺ സിമന്റ് ലോഡ് ചെയ്യുന്നതിന് 14 രൂപയാണ് കരാറുകാരന് നൽകുന്നത്.

(ഡി) ചേർത്തല യൂണിറ്റിൽ സിമന്റ് സൈലോ ഓപ്പറേഷൻ, സിമന്റ് പാക്കിംഗ്, സിമന്റ് ലോഡിംഗ്, സിമന്റ് ലോറികളിൽ ടാർപാളിൻ കെട്ടുക എന്നീ ജോലികൾ ഒരുമിച്ചു ചേർത്താണ് ടണ്ണിന് 60 രൂപയ്ക്ക് കരാറുകാരന് നൽകിയിരിക്കുന്നത്. സിമന്റ് ലോഡിംഗിന് മാത്രമായി പ്രത്യേക നിരക്കില്ല.

(ഇ) അതെ.

(എഫ്) ശ്രീ. കെ. കെ. അപ്പച്ചൻ.

(ജി ആന്റ് എച്ച്) ഇല്ല. ആരോപണം ലഭിച്ചാൽ അന്വേഷിക്കുന്നതാണ്.

(ഐ) കമ്പനി ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

മലബാർ സിമന്റ്സിലെ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകൾ

16 [2143] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിലെ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര എണ്ണം; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) വിജിലൻസ് കേസിലെ പ്രതികൾ ആരെങ്കിലും സീനിയർ എക്സിക്യൂട്ടീവ് ആയി ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) പ്രായപരിധി ലംഘിച്ചുകൊണ്ട് മലബാർ സിമന്റ്സിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; എങ്കിൽ ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്; മൂന്ന് കേസുകൾ വിശദവിവരം താഴെക്കൊടുക്കുന്നു.

മലബാർ സിമന്റ്സിലെ മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. എൻ. ആർ. സുബ്രഹ്മണ്യം, മുൻ ജോയിന്റ് മെറ്റീരിയൽ മാനേജർ ശ്രീ. പി. ഹരിഹരൻ എന്നിവർക്കെതിരെയാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നത് ചെന്നൈയിലെ കോസ്റ്റൽ എനർജി പ്രൈവറ്റ് ലിമിറ്റഡിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും കൽക്കരി വാങ്ങിയതിൽ കമ്പനിയ്ക്ക് നഷ്ടം വരുത്തി എന്ന ആരോപണത്തിന്മേലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ മുൻ എം. ഡി.-യായ ശ്രീ. എൻ. ആർ. സുബ്രഹ്മണ്യം കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 1500/03 നമ്പരിലുള്ള റിട്ട് അപ്പീലിന്റെ അടിസ്ഥാനത്തിൽ ഈ കേസിന്റെ തുടർ നടപടികൾ നിർത്തിവയ്ക്കാൻ കോടതി ഉത്തരവിട്ടിട്ടുണ്ട്.

മലബാർ സിമന്റ്സിലെ മുൻ ഡെപ്യൂട്ടി ജനറൽ മാനേജറും (ടെക്നിക്കൽ സർവീസ്) ഇപ്പോൾ ജനറൽ മാനേജരുമായ ശ്രീ. കെ. മുരളീധരൻ നായർ, സീനിയർ മാനേജർ (സിവിൽ) ശ്രീ. കെ. പി. ഉണ്ണി, പ്ലാന്റ് എൻജിനീയർ ശ്രീ. എസ്. എം. മുഹമ്മദ് യൂസഫ് എന്നിവർക്കെതിരെ വി.സി. 1/98/പി.കെ.ഡി. നമ്പരായി രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ് ഇപ്പോൾ കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ സി. സി. 17/2001-ാം നമ്പരായി വിചാരണയിലാണ്. വാളയാർ മലബാർ സിമന്റ്സ് ലിമിറ്റഡിൽ ചെക്ക് ഡാം നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കമ്പനിക്ക് നഷ്ടം വരുത്തി എന്നതാണ് കേസിനാധാരമായ ആരോപണം. കൂടാതെ ശ്രീ. പി. ആർ. ലക്ഷ്മണൻ, ഡെപ്യൂട്ടി ഫൈനാൻസ് മാനേജർ; ശ്രീ. എൻ. ഗോപകുമാർ, ഡെപ്യൂട്ടി മാനേജർ (മാർക്കറ്റിംഗ്); ശ്രീ. ആൻഡ്രൂസ് സി. പാട്രിക്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ; ശ്രീ. പി. അബ്ദുറഹീം, ഇൻഡസ്ട്രിയൽ റിലേഷൻസ് ഓഫീസർ എന്നിവരുടെ പേരിലും VC 20. 2000 PKD നമ്പരായി രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ് ഇപ്പോൾ നിലവിലുണ്ട്.

(ബി) ഉണ്ട്. വിജിലൻസ് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള (ശ്രീ. കെ. മുരളീധരൻ നായർ, ജനറൽ മാനേജർ, ശ്രീ. കെ. പി. ഉണ്ണി, സീനിയർ എഞ്ചിനീയർ (സിവിൽ); ശ്രീ. പി. ആർ. ലക്ഷ്മണൻ, ഡെപ്യൂട്ടി ഫിനാൻസ് മാനേജർ; ശ്രീ. എൻ. ഗോപകുമാർ, ഡെപ്യൂട്ടി മാനേജർ (മാർക്കറ്റിംഗ്) എന്നിവർ സീനിയർ എക്സിക്യൂട്ടീവ് തസ്തികയിൽ കമ്പനിയിൽ ജോലി ചെയ്യുന്നുണ്ട്. കൂടാതെ ശ്രീ. എൻ. ആർ. സുബ്രഹ്മണ്യം ഇപ്പോൾ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിൽ എം. ഡി.-ആയി ജോലിചെയ്യുന്നു.

(സി) പ്രായപരിധി ലംഘിച്ചുകൊണ്ട് കമ്പനി ആർക്കും നിയമനം നൽകിയിട്ടില്ല. എന്നാൽ 30-6-2004-ൽ കമ്പനിയിൽനിന്നും എം. ഡി. പോസ്റ്റിൽ റിട്ടയർ ചെയ്ത ശ്രീ. എസ്. എസ്. മോണിക്ക് 1-7-2004 മുതൽ രണ്ടു വർഷത്തേക്ക് എം. ഡി.-യായി റീ അപ്പോയ്ന്റ്മെന്റ് നൽകിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തിന് സംവരണ തത്വം

17 [2144] ശ്രീ. പി. കെ. അബ്ദുറബ്ബ്:

,, കെ. എൻ. എ. ഖാദർ:

,, സി. മമ്മൂട്ടി:

,, ടി. പി. എം. സാഹിർ:

,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly